പതിനാലാം കേരള നിയമ സഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.288** **03-02-2020 -ൽ മറുപടിയ്ക്ക്**

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള ഫീസ് നിർണ്ണയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)** |
| (എ) | സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള ഫീസ് നിർണ്ണയം സംബന്ധിച്ച് സ്വാശ്രയമാനേജ്മെന്റുകൾ ഹൈക്കോടതിയിൽ നൽകിയ കേസിന്റെ അടിസ്ഥാനത്തിൽ ഈ വർഷങ്ങളിലെ ഫീസ് പുനപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നോ; | (എ) | നിർദേശിച്ചിരുന്നു . |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾ നൽകിയ രേഖകൾ ശരിയായ രീതിയിൽ പരിശോധിച്ച് ഫീസ് നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ചിരുന്നോ; | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയ സമിതി എല്ലാ കോളേജുകളെയും ഹിയറിങ്ങിനു വിളിക്കുകയും മുൻപ് നൽകിയതിൽ കൂടുതൽ എന്തെങ്കിലും രേഖകൾ സമർപ്പിക്കുവാനുണ്ടെങ്കിൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. ഒട്ടുമിക്ക സ്വാശ്രയ മെഡിക്കൽ കോളേജുകളും ഹിയറിങ്ങിനു പങ്കെടുക്കുകയും എന്നാൽ മുൻപു തന്നതിൽ കൂടുതൽ പുതിയ രേഖകൾ സമർപ്പിക്കുവാൻ ഇല്ലെന്ന വിവരം അറിയിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയ സമിതിയിലെ അംഗങ്ങൾ എല്ലാവരും ചേർന്ന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സമിതി മുൻപ് തീരുമാനിച്ച ഫീസ് അംഗീകരിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട സുപ്രീം കോടതി അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ഫീ റെഗുലേറ്ററി കമ്മിറ്റി മനസ്സിരുത്തിയല്ല ഇക്കാര്യത്തില് ഉത്തരവ് ഇറക്കിയതെന്ന കോടതിയുടെ കുറ്റപ്പെടുത്തൽ ഉണ്ടായത് ഏത് | (സി) & | WP(c)No.20100/2019-നമ്പർ കേസിലെ 14/01/2019-തീയതിയിലെ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് പ്രകാരം |

| | |
|---|---|
| സാഹചര്യത്തിലാണ്; | (ഡി) കോളേജിന്റെ ലൊക്കേഷൻ, കോഴ്സിന്റെ സ്വഭാവം, കെട്ടിടത്തിന്റെയും വസ്തുവിന്റെയും വില, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള ചെലവ്, സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതിന്റെ ചെലവ്, വികസനത്തിനും വളർച്ചയ്ക്കുമുള്ള അധിക ചെലവ് എന്നീ മാനദണ്ഡങ്ങൾ കമ്മിറ്റി പരിശോധിച്ചില്ല എന്നതായിരുന്നു കോടതിയുടെ പരാമർശം. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി സ്വാശ്രയ കോളേജുകളോട് ഫീസ് നിർണ്ണയിക്കേണ്ടതായ വിവരങ്ങൾ ഹൈക്കോടതിയ്ക്കു മുമ്പാകെ നേരിട്ട് സമർപ്പിക്കുവാൻ ഇടക്കാല ഉത്തരവിടുകയുണ്ടായി. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് ഫീസ് നിർണ്ണയം സംബന്ധിച്ച വിഷയത്തിൽ ഗൗരവതരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (ഡി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് ഇനിയും വർദ്ധിപ്പിക്കുന്നത് വിദ്യാർത്ഥികൾക്ക് താങ്ങുവാൻ കഴിയുകയില്ല എന്നതിനാൽ ഇക്കാര്യത്തിൽ ഗൗരവമായ സമീപനം സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകുന്നതിനും കേസ് പ്രമുഖരായ വക്കീലന്മാരെ വച്ച് വാദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ